പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 242 26-09-2011 -ൽ മറുപടിക്ക്.

## വ്യാജ മദ്യം തടയുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്:<br>" റ്റി. യു. കുരുവിള: | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ മദ്യം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച്, ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് നല്കുന്നതിനായി, എക്സൈസ് വകുപ്പിൽ പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് വ്യാജ മദ്യം തടയുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയിലും തീരദേശ റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന കർശനമാക്കിയും, മറ്റു വകുപ്പുകളുമായി സഹകരിച്ച് റെയ്ഡുകൾ നടത്തിയും, ബോർഡർ പട്രോളിംഗ്, രാത്രികാല ടാസ്ക് ഫോഴ്സുകൾ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവ ശക്തിപ്പെടുത്തി, ജനങ്ങളുമായി സഹകരിച്ച്, കുറ്റകൃത്യങ്ങൾ തടയുകയും, മദ്യാസക്തിക്കും വ്യാജമദ്യത്തിനുമെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. അബ്കാരി സ്ഥിരം കുറ്റവാളികൾക്കെതിരെ Cr.PC 110 പ്രകാരം നടപടി എടുത്തു വരുന്നു. |
| (ബി) | ബിവറേജസ് കോർപ്പറേഷന്റെ പുതിയ വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ആഫീസർ